പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6139 | 07.07.2014 ൽ മറുപടിയ്ക്ക് |

**കൊടകര, ലാവണ്യ അംഗൻവാടിയെ മാതൃകാ അംഗൻവാടി പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊടകര ഗ്രാമപഞ്ചായത്തിലെ ലാവണ്യ അംഗൻവാടിയെ മാതൃകാ അംഗൻവാടി പദ്ധതിയിലുൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും, നിർമ്മാണചുമതല ആർക്കാണെന്നും, എന്നത്തേയ്ക്ക് നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുമെന്നും അറിയിക്കാമോ; | (എ) ചാലക്കുടി നിയോജകമണ്ഡലത്തിൽപ്പെട്ട കൊടകര ഗ്രാമപഞ്ചായത്തിൽ അംഗൻവാടി നമ്പർ 4 ന് മാതൃക അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണചുമതല തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർക്കാണ്. നിർമ്മാണത്തിന് കോൺട്രാക്ടറുമായി കരാർ ഒപ്പുവച്ചിട്ടുള്ളതും വർക്ക് ഓർഡർ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |
| (ബി) നിർമ്മാണം ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ബി) നിർമ്മാണ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ